ലോറിക്കാരുടെ പണിമുടക്കുമൂലം പെട്രോൾ വിതരണം സ്തംഭിച്ച വിവരം

851 [1308] . ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അടുത്ത കാലത്തായി ലോറിക്കാരുടെ പണിമുടക്കുമൂലം സംസ്ഥാനത്തൊട്ടാകെ പെട്രോൾ വിതരണം സ്തംഭിച്ച വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഭാവിയിലെങ്കിലും ഇങ്ങനെ ഒരു സ്ഥിതി വിശേഷം ഉണ്ടാകാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) എസൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റിൽ ഇതിനുവേണ്ട വകുപ്പുകൾ കൂട്ടിച്ചേർക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം.

(എ) ഐ. ഓ. സി..യുടെ ഔട്ട്ലെറ്റുകൾ ഇല്ലാത്തിടത്തു പെട്രോളിന് കുറെ ക്ഷാമം നേരിട്ടതായി അറിയാം.

(ബി) വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇതിന് സംസ്ഥാന ഗവൺമെൻറിന് അധികാരമില്ല.

പെട്രോളിൽ മായംചേർക്കൽ

852 [1309] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഈ അടുത്തകാലത്ത് പെട്രോൾ വിതരണത്തിൽ ഏർപ്പെടുത്തിയെന്ന് പറയപ്പെടുന്ന 'ഫിൽട്ടർ' സമ്പ്രദായം കേരളത്തിലെ ഒറ്റ പെട്രോൾ ബങ്കിൽപോലും കാണാനില്ലെന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ഉത്തരം

ഇല്ല. പല ബങ്കുകളിലും 'ഫിൽട്ടർ' പേപ്പർ ടെസ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടെന്നാണ് ഗവൺമെൻറിനു കിട്ടിയ റിപ്പോർട്ടിൽ നിന്നറിയുന്നത്.

കേന്ദ്രത്തിൽനിന്നും നല്ല അരി കിട്ടുന്നതിനുള്ള നടപടി

853 [1310] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ന്യായവില ഷാപ്പുവഴി വിതരണം ചെയ്യുന്ന അരി മോശമാണെന്നതിനെ പരിഗണിച്ച് കേന്ദ്രത്തിൽനിന്നും തുടർച്ചയായി നല്ല അരി കിട്ടുന്നതിന് വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം മാർഗ്ഗത്തിൽകൂടി ശ്രമിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഭാരത ഭക്ഷ്യകാര്യകോർപ്പറേഷൻ മുഖേന പൊതുവിതരണത്തിനായി നല്ലയിനം അരി ലഭ്യമാക്കണമെന്ന് ഇതിനകം പല പ്രാവശ്യം വിവിധ തലങ്ങളിലായി ഭക്ഷ്യകാര്യകോർപ്പറേഷനോടും കേന്ദ്ര ഗവൺമെൻറിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആൻറണി നേരിട്ടു തന്നെ ഈ പ്രശ്നം ഒരു അർദ്ധൗദ്യോഗികരീതിയിലൂടെ കേന്ദ്ര ഭക്ഷ്യവകുപ്പു മന്ത്രി ശ്രീ. എസ്. എസ്. ബർണാലയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. 24.8.1978-ൽ മദ്രാസിൽവച്ചു കൂടിയ ദക്ഷിണ മേഖലാ സമിതിയിലും അദ്ദേഹം ഇക്കാര്യം ഉന്നയിക്കുകയുണ്ടായി. അതിനുശേഷം അദ്ദേഹംതന്നെ ഇക്കാര്യത്തിൻമേൽ പ്രധാനമന്ത്രിക്ക് ഒരു കത്ത് അയക്കുകയുണ്ടായി. കൂടാതെ ഭക്ഷ്യവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും ഈ പ്രശ്നത്തിൻമേൽ ഭക്ഷ്യകാര്യകോർപ്പറേഷനിലേയും കേന്ദ്രഭക്ഷ്യകാര്യാലയത്തിലേയും ഉദ്യോഗസ്ഥൻമാരുമായി പലപ്പോഴും ബന്ധം പുലർത്തിയിട്ടുണ്ട്. അദ്ദേഹം 6.11.1978-ൽ കേന്ദ്ര ഭക്ഷ്യ വകുപ്പു സെക്രട്ടറിയുമായി ഡൽഹിയിൽവച്ച് ചർച്ച നടത്തുകയുണ്ടായി. ഞാൻ ഡൽഹിയിൽ പോയപ്പോഴും കേന്ദ്ര കൃഷി-ജലസേചന വകുപ്പു മന്ത്രിയുമായും സഹമന്ത്രി ശ്രീ. റാവു പ്രതാപസിംഗുമായും 24.11.1978-ൽ ചർച്ചകൾ നടത്തുകയുണ്ടായി.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തര സമയം കഴിഞ്ഞു.

II. ചരമോപചാരം

ശ്രീ. ടി. കെ. തേവൻ, ശ്രീ. ടി. കെ. നാരായണപിള്ള, ശ്രീ. പോൾ മാമ്പിള്ളി, ശ്രീ. വി. കെ. അച്യുതമേനോൻ, ശ്രീ. ബി. ബി. പണ്ടാരത്തിൽ എന്നിവരുടെ നിര്യാണം സംബന്ധിച്ച്:

മി. സ്പീക്കർ: ശ്രീമൂലം പ്രജാ സഭയിൽ അംഗമായിരുന്ന ശ്രീ. ടി. കെ. തേവൻ, തിരുവിതാംകൂർ നിയമസഭയിൽ അംഗമായിരുന്ന നെയ്യാറിൻകര ശ്രീ. ടി. കെ. നാരായണപിള്ള, കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിൽ അംഗമായിരുന്ന ശ്രീ. പോൾ മാമ്പിള്ളി, തിരു-കൊച്ചി നിയമസഭയിൽ അംഗങ്ങളായിരുന്ന ശ്രീ. വി. കെ. അച്യുതമേനോൻ, ശ്രീ. ബി. ബി. പണ്ടാരത്തിൽ എന്നിവർ നിര്യാതരായ വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

9.30 A.M.]

ഹരിജനങ്ങളുടെയും അധഃസ്ഥിതസമുദായങ്ങളുടെയും ഉന്നമനത്തിനു വേണ്ടി ജീവിതകാലം മുഴുവൻ നിസ്വാർത്ഥമായ സേവനം നടത്തിയ ഒരു ഹരിജന നേതാവായിരുന്നു ശ്രീ. ടി. കെ. തേവൻ. ഹരിജനോദ്ധാരണ രംഗത്ത് നിത്യ സ്മരണീയനായ ശ്രീ. അയ്യങ്കാളിയോടൊത്ത് സഞ്ചാരസ്വാതന്ത്ര്യം, വിദ്യാഭ്യാസസ്വാതന്ത്ര്യം മുതലായവ നേടിയെടുക്കുന്നതിനുവേണ്ടി അദ്ദേഹം അനുഷ്ഠിച്ച സേവനങ്ങളും അനുഭവിക്കേണ്ടിവന്ന യാതനകളും ഒരിക്കലും വിസ്മരിക്കാൻ കഴിയുകയില്ല. വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത് അറസ്റ്റുവരിച്ച ശ്രീ. തേവൻ, മഹാത്മാഗാന്ധി, ടി. കെ. മാധവൻ, കെ. പി. കേശവമേനോൻ മുതലായ അനേകം മഹത്വ്യക്തികളുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു.

നെയ്യാറിൻകര ശ്രീ. ടി. കെ. നാരായണപിള്ള സ്വാതന്ത്ര്യസമരകാലത്ത് യശഃശരീരരായ പട്ടംതാണുപിള്ള, സി. കേശവൻ, ടി. എം. വർഗ്ഗീസ് തുടങ്ങിയ സമുന്നത നേതാക്കളോടൊപ്പം തിരുവിതാംകൂർ

LIBRARY ARCHIVES Kerala Legislative Assembly